# 2 പത്രൊസ്

1 യേശുക്രിസ്തുവിൻെറ ദാസനും അപ്പൊ
സ്തലനുമായ ശിമോൻ പത്രൊസ്,
നമ്മുടെ ദൈവവും രക്ഷകനുമായ യേശുക്രി
സ്തുവിൻെറ നീതിയിൽ ഞങ്ങൾക്കു ലഭി
ച്ചതുപോലെയുള്ള വിലയേറിയ വിശ്വാസം ലഭി
ച്ചിട്ടുള്ളവർക്ക് എഴുതുന്നത്:
2ദൈവത്തെയും നമ്മുടെ കർത്താവായ
യേശുവിനെയുംകുറിച്ചുള്ള പരിജ്ഞാനത്തി
ലൂടെ നിങ്ങൾക്കു കൃപയും സമാധാനവും സമൃ
ദ്ധിയായി ലഭിക്കുമാറാകട്ടെ.

*വിളിയും തിരഞ്ഞെടുപ്പും*
*സുനിശ്ചിതമാക്കുവിൻ*

3തൻെറ മഹത്ത്വത്താലും ശ്രേഷ്ഠതയാലും
നമ്മെ വിളിച്ചവനെക്കുറിച്ചുള്ള പരിജ്ഞാനത്തി
ലൂടെ അവിടുത്തെ ദിവ്യശക്തി നമ്മുടെ ജീവി
തത്തിനും ഭക്തിക്കും വേണ്ടതെല്ലാം നമുക്കു
നല്കിയിരിക്കുന്നു. 4അതേ മഹത്ത്വത്താലും
ശ്രേഷ്ഠതയാലും അവിടുന്ന് തൻെറ മഹനീ
യവും അമൂല്യവുമായ വാഗ്ദാനങ്ങളും നമുക്കു
നല്കിയിരിക്കുകയാണ്. ഇവയാൽ നിങ്ങൾ
ദുർമ്മോഹത്താൽ ഉണ്ടാകുന്ന ലോകത്തിലെ
മാലിന്യങ്ങളിൽനിന്നു വിമുക്തരായിട്ട് ദിവ്യസ്വ
ഭാവത്തിൽ പങ്കാളികളായിത്തീരുന്നു.
5ഈ കാരണത്താൽ, നിങ്ങൾ സകല
പ്രയത്നവും ചെയ്തു നിങ്ങളുടെ വിശ്വാസത്തോ
ടു സ്വഭാവശ്രേഷ്ഠതയും സ്വഭാവശ്രേഷ്ഠതയോ
ടു ജ്ഞാനവും 6ജ്ഞാനത്തോട് ആത്മനി
യന്ത്രണവും ആത്മനിയന്ത്രണത്തോടു സഹി
ഷ്ണുതയും സഹിഷ്ണുതയോടു ഭക്തിയും
7ഭക്തിയോടു സഹോദരപ്രീതിയും സഹോദര
പ്രീതിയോടു സ്നേഹവും കൂട്ടിച്ചേർക്കുവിൻ.
8നിങ്ങളിൽ ഈ സൽഗുണങ്ങൾ ഉണ്ടായിരി
ക്കുകയും വർദ്ധിച്ചുകൊണ്ടിരിക്കുകയും
ചെയ്യുമെങ്കിൽ, ഇവ നിങ്ങളെ നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള
പരിജ്ഞാനത്തിൽ പ്രയോജനമില്ലാത്തവരും
ഫലശൂന്യരും ആകാതെ സൂക്ഷിച്ചുകൊള്ളും.
9ഇവയില്ലാത്തവനോ അന്ധനും ഹ്രസ്വദൃഷ്ടി
യുമാണ്; തൻെറ കഴിഞ്ഞ കാലത്തെ പാ
പങ്ങളിൽനിന്നുള്ള ശുദ്ധീകരണം അയാൾ
മറന്നിരിക്കുന്നു.
10ആകയാൽ സഹോദരരേ, നിങ്ങളുടെ വിളി
യും തിരഞ്ഞെടുപ്പും സുനിശ്ചിതമാക്കുവാൻ
അത്യധികം ഉത്സാഹിപ്പിൻ. ഇങ്ങനെ
ചെയ്താൽ നിങ്ങൾ ഒരിക്കലും വീണുപോവു
കയില്ല, 11നമ്മുടെ കർത്താവും രക്ഷിതാവുമായ
യേശുക്രിസ്തുവിൻെറ നിത്യരാജ്യത്തിലേക്കു
ള്ള പ്രവേശനം നിങ്ങൾക്കു സമൃദ്ധിയായി
ലഭിക്കും.

*തിരുവചനത്തിലെ പ്രവചനം*

12നിങ്ങൾ ഈ കാര്യങ്ങൾ അറിയുകയും നി
ങ്ങൾക്കു ലഭിച്ച സത്യത്തിൽ ഉറച്ചുനില്ക്കു
കയും ചെയ്യുന്നുവെങ്കിലും ഇവയെക്കുറിച്ചു നി
ങ്ങളെ എപ്പോഴും ഓർമ്മിപ്പിക്കുവാൻ ഞാൻ ഒരു
ങ്ങിയിരിക്കും. 13ഞാൻ ശരീരത്തിൽ ആയിരി
ക്കുന്നേടത്തോളംകാലം, ഈ കാര്യങ്ങൾ ഓർ
പ്പിച്ചു നിങ്ങളെ ഉത്സാഹിപ്പിക്കുന്നത് ഉചിത
മെന്നു ഞാൻ കരുതുന്നു. 14കാരണം, നമ്മുടെ
കർത്താവായ യേശുക്രിസ്തു എനിക്കു
വെളിപ്പെടുത്തിയിരിക്കുന്നപ്രകാരം, ഈ കൂടാ
രത്തിൽനിന്നും വേർപെടുവാനുള്ള എൻെറ
സമയം അടുത്തിരിക്കുന്നു. 15എൻെറ വേർപാ
ടിനുശേഷം നിങ്ങൾ ഈ കാര്യങ്ങൾ എപ്പോഴും
ഓർമ്മിക്കുമെന്ന് ഉറപ്പു വരുത്താൻ ഞാൻ
പരിശ്രമിക്കും.
16നമ്മുടെ കർത്താവായ യേശുക്രിസ്തു
വിൻെറ ശക്തിയും പ്രത്യക്ഷതയും ഞങ്ങൾ നി
ങ്ങളെ അറിയിച്ചതു കല്പിതകഥകളെ ആശ്രയി
ച്ചായിരുന്നില്ല; മറിച്ച്, ഞങ്ങൾ അവിടുത്തെ മഹി
മയ്ക്കു ദൃക്സാക്ഷികളായിരുന്നു. 17"ഇവൻ
എൻെറ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാ
ദിച്ചിരിക്കുന്നു"[a] എന്ന ശബ്ദം അതിശ്രേഷ്ഠ
തേജസ്സിൽനിന്നു തൻെറ അടുത്തേക്കു വന്ന
പ്പോൾ പിതാവായ ദൈവത്തിൽനിന്ന് അദ്ദേ
ഹത്തിനു ബഹുമാനവും തേജസ്സും ലഭിച്ചു.
18അദ്ദേഹത്തോടുകൂടെ വിശുദ്ധപർവ്വതത്തിൽ

[a] 17 മത്തായി 17:5, മർക്കൊസ് 9:7 ലൂക്കൊസ് 9:35

ആയിരുന്നപ്പോൾ, സ്വർഗ്ഗത്തിൽനിന്നു വന്ന
ഈ ശബ്ദം ഞങ്ങൾതന്നേ കേട്ടു.

19പ്രവാചകരുടെ വചനവും ഞങ്ങൾക്ക് ഏ
റെ ഉറപ്പുള്ളതായി ലഭിച്ചിരിക്കുന്നു. ഉഷസ്സാവു
കയും നിങ്ങളുടെ ഹൃദയങ്ങളിൽ പ്രഭാതനക്ഷ
ത്രം ഉദിക്കുകയും ചെയ്യുന്നതുവരെ, ഇരുളിൽ
പ്രകാശിക്കുന്ന വിളക്കുപോലെ ആ വചനത്തെ
കരുതിക്കൊണ്ടാൽ നന്ന്.

20തിരുവെഴുത്തിലെ ഒരു പ്രവചനവും
ആരുടെയും സ്വന്തമായ വ്യാഖ്യാനത്താൽ ഉണ്ടാ
കുന്നതല്ല എന്ന് ആദ്യംതന്നേ അറിഞ്ഞുകൊ
ള്ളണം. 21പ്രവചനം ഒരിക്കലും മനുഷ്യന്റെ
ഇഷ്ടത്താൽ ഉണ്ടായതല്ല; പിന്നെയോ മനുഷ്യർ
പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു ദൈവത്തി
ൽനിന്നുള്ള അരുളപ്പാടുകൾ പ്രസ്താവിക്കു
കയായിരുന്നു.

*കള്ളപ്രവാചകരുടെ നാശം*

2 എന്നാൽ കള്ളപ്രവാചകരും ദൈവജന
ത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. നി
ങ്ങളുടെ ഇടയിലും വ്യാജോപദേഷ്ടാക്കന്മാർ
ഉണ്ടാകും. അവർ വിനാശകരമായ ദുരുപ
ദേശങ്ങൾ രഹസ്യമായി അവതരിപ്പിക്കും; തങ്ങ
ളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറയു
കപോലും ചെയ്തുകൊണ്ട് അവർ തങ്ങൾക്കു
തന്നേ ശീഘ്രനാശം വരുത്തും. 2അവരുടെ ഭോ
ഗാസക്തിയെ പലരും പിന്തുടരും; അവർ സത്യ
മാർഗ്ഗത്തിന് അപമാനം വരുത്തും. 3അവർ കൗ
ശലവാക്കുകൾകൊണ്ട് അത്യാഗ്രഹത്തോടെ നി
ങ്ങളെ ചൂഷണം ചെയ്യും. പണ്ടുമുതലേയുള്ള
അവരുടെ ശിക്ഷാവിധിക്കു താമസമുണ്ടാ
കയില്ല. അവരുടെ നാശം ഉറങ്ങുന്നതേയില്ല.

4പാപം ചെയ്ത ദൂതന്മാരെ ദൈവം ശി
ക്ഷയിൽനിന്ന് ഒഴിവാക്കാതെ അന്ധ
തമസിന്റെ ചങ്ങലയാൽ ബന്ധിച്ച്, ന്യായവി
ധിക്കായി നരകത്തിൽ ഇട്ടുകളഞ്ഞു. 5പുരാതന
ലോകത്തിലെ ഭക്തികെട്ട ജനത്തിന്റെമേൽ
ദൈവം ജലപ്രളയം വരുത്തിയപ്പോൾ ആ ലോ
കത്തെയും അവിടുന്നു വെറുതെ വിട്ടില്ല.
എന്നാൽ നീതി പ്രസംഗിച്ച നോഹയെ
ഏഴുപേരോടുകൂടെ അവിടുന്നു രക്ഷിച്ചു.
6സൊദോം, ഗൊമോറാ എന്നീ പട്ടണങ്ങളെ ഉന്മൂ
ലനാശത്തിനു വിധിച്ച് അവയെ ഭസ്മീകരിക്കു
കയും അങ്ങനെ മേലാൽ ഭക്തികെട്ടു
നടക്കുന്നവർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും
ചെയ്തു. 7അധർമ്മികളുടെ മ്ലേച്ഛജീവി
തംകൊണ്ടു ഹൃദയവ്യഥ അനുഭവിച്ച നീതിമാ
നായ ലോത്തിനെ അവിടുന്നു വിടുവിച്ചു.
8അവരുടെ മധ്യേ വസിച്ചപ്പോൾ നാൾതോറും
താൻ കണ്ടതും കേട്ടതുമായ അധർമ്മങ്ങൾ ആ
നീതിമാന്റെ നീതിനിഷ്ഠമായ ഹൃദയത്തെ തീ
വ്രമായി വേദനിപ്പിച്ചിരുന്നു. 9അങ്ങനെയെങ്കിൽ,
ഭക്തരെ എങ്ങനെ പരിശോധനകളിൽനിന്നു
വിടുവിക്കണമെന്നും, 10നീതികെട്ടവരെ,
വിശേഷിച്ചും ജഡത്തിന്റെ മലിനമോ
ഹങ്ങളിൽ മുഴുകുന്നവരെയും അധികാരത്തെ
നിന്ദിക്കുന്നവരെയും, എങ്ങനെ ശിക്ഷയിൻകീ
ഴിൽ ന്യായവിധിദിവസത്തിലേക്കു സൂക്ഷി
ക്കണമെന്നും കർത്താവ് അറിയുന്നുവല്ലോ.

ധിക്കാരികളും തന്നിഷ്ടക്കാരുമായ അവർ
തേജസ്സുള്ളവരെ ദുഷിക്കുവാൻ ഭയപ്പെടുന്നി
ല്ല. 11അതേസമയം ബലവും ശക്തിയുമേറിയ
ദൂതന്മാർപോലും കർത്തൃസന്നിധിയിൽ ആ
തേജസ്വികൾക്കെതിരേ ദോഷം ആരോപി
ക്കുന്നില്ല. 12ഈ മനുഷ്യരാകട്ടെ, തങ്ങൾക്ക്
അറിഞ്ഞുകൂടാത്തതിനെ ദുഷിക്കുന്നു.
സഹജവാസനയ്ക്കുമാത്രം വിധേയങ്ങളും,
പിടിപെട്ടു കൊല്ലപ്പെടുവാൻ പിറന്നവയുമായ
ബുദ്ധികെട്ട ജന്തുക്കളെപ്പോലെ അവരും
സ്വന്തവഷളത്വത്താൽ നശിക്കുന്നു.

13അവരുടെ ദോഷത്തിന്റെ ഫലം അവർ
അനുഭവിക്കും; പട്ടാപ്പകൽ മദിരോത്സവങ്ങളിൽ
ഏർപ്പെടുന്നതു രസകരമെന്ന് അവർ കരു
തുന്നു. നിങ്ങളുടെ സ്നേഹസദ്യകളിൽ പ
ങ്കെടുത്ത് രസിച്ചുപുളയ്ക്കുന്ന ഇവർ കറയും
കളങ്കവുമത്രേ. 14വ്യഭിചാരാസക്തി നിറഞ്ഞ
കണ്ണുകളോടെ, പാപം ചെയ്തു മതിവരാത്ത
വരാണ് ഇവർ; ചഞ്ചലചിത്തരെ ഇവർ വശീ
കരിക്കുന്നു; അത്യാഗ്രഹം പരിശീലിച്ച ഹൃദയ
മുള്ള, ശാപത്തിന്റെ സന്തതികൾ! 15നേർവഴി
വിട്ട് അലഞ്ഞുതിരിഞ്ഞ ഇവർ, അനീതിയുടെ
കൂലി കൊതിച്ച, ബെയോരിന്റെ മകനായ
ബിലെയാമിന്റെ മാർഗ്ഗം പിന്തുടരുന്നു.
16തന്റെ മാർഗ്ഗഭ്രംശത്തിനു തക്ക ശകാരം
അയാൾക്കു കിട്ടി. മിണ്ടാപ്രാണിയായ കഴുത
മനുഷ്യഭാഷയിൽ സംസാരിച്ചു പ്രവാചകന്റെ
ബുദ്ധിഭ്രമത്തെ തടഞ്ഞുവല്ലോ.

17ഈ മനുഷ്യർ വെള്ളമില്ലാത്ത ഉറവകളും
കൊടുങ്കാറ്റിൽ പാറിപ്പോകുന്ന മൂടൽമഞ്ഞും
ആകുന്നു. കൊടിയ കൂരിരുട്ട് അവർക്കായി കരു
തി വച്ചിരിക്കുന്നു. 18പിഴച്ചവരുടെ വഴിയിൽ
നിന്ന് ഇപ്പോൾ രക്ഷപെട്ടുവന്നവരെ അവർ
വ്യർത്ഥമായി വമ്പുപറഞ്ഞുകൊണ്ടു ജഡമോ
ഹങ്ങളിലേക്ക് വശീകരിക്കുന്നു. 19തങ്ങൾ വി
നാശത്തിന്റെ അടിമകളായിരിക്കെ അവർ മറ്റു
ള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു.
ഒരാൾ ഏതൊന്നിൽ പരാജയപ്പെടുന്നുവോ,
അതിന് അയാൾ അടിമയായിത്തീരുന്നു.
20നമ്മുടെ കർത്താവും രക്ഷിതാവുമായ
യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവുമൂലം
ലോകമാലിന്യത്തിൽനിന്നു രക്ഷപ്പെട്ടവർ
വീണ്ടും അതിൽകുടുങ്ങി തോറ്റുപോയാൽ

അവരുടെ ഒടുവിലത്തെ അവസ്ഥ
ആദ്യത്തേതിനേക്കാൾ അധികം ദോഷകരമാ
യിരിക്കും. 21നീതിയുടെ വഴി അറിഞ്ഞശേഷം,
തങ്ങളെ ഏല്പിച്ച വിശുദ്ധകല്പനയിൽനിന്ന്
പിൻവാങ്ങുന്നതിനേക്കാൾ അത് അറിയാതിരി
ക്കുകയായിരുന്നു അവർക്കു നല്ലത്. 22“നായ്
അതിന്റെ ഛർദ്ദിയിലേക്കു തിരിയുന്നു”[a]
എന്നും “കുളിപ്പിച്ച പന്നി പിന്നെയും ചെളിയിൽ
ഉരുളാൻ പോകുന്നു” എന്നും ഉള്ള പഴഞ്ചൊല്ലു
കൾ അവരെ സംബന്ധിച്ചു സത്യമായിരിക്കുന്നു.

*കർത്താവിന്റെ ദിവസം*

3 പ്രിയരേ, ഇതു നിങ്ങൾക്കുള്ള എന്റെ
രണ്ടാമത്തെ ലേഖനമാണ്. ചില കാര്യ
ങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ടു നിങ്ങളുടെ
പരമാർത്ഥഹൃദയത്തെ ഉണർത്തുന്നതിനാണ്
ഇവ രണ്ടും ഞാൻ എഴുതിയത്. 2വിശുദ്ധപ്രവാ
ചകർ മുമ്പുപറഞ്ഞ വചനങ്ങളും നമ്മുടെ കർ
ത്താവും രക്ഷിതാവുമായവൻ അപ്പൊസ്തലന്മാ
രിലൂടെ നല്കിയ കല്പനയും നിങ്ങൾ ഓർ
ക്കണമെന്നുള്ളതാണ് എന്റെ ആഗ്രഹം.

3അന്ത്യകാലത്തു പരിഹാസം ചൊരിഞ്ഞും
സ്വന്തം ദുർമ്മോഹങ്ങളെ പിൻതുടർന്നും
കൊണ്ട് പരിഹാസികൾ വരും എന്നു നിങ്ങൾ
ആദ്യംതന്നേ അറിഞ്ഞുകൊൾവിൻ. 4“അവി
ടുത്തെ പ്രത്യക്ഷതയുടെ വാഗ്ദാനം എവിടെ?
പിതാക്കന്മാർ നിദ്രപ്രാപിച്ചശേഷവും എല്ലാം
ലോകസൃഷ്ടിയുടെ ആരംഭത്തിൽ ആയി
രുന്നതുപോലെതന്നേ തുടരുന്നുവല്ലോ” എന്ന്
അവർ പറയും. 5എന്നാൽ പണ്ട് ദൈവത്തിന്റെ
വചനത്താൽ ആകാശം സൃഷ്ടിക്കപ്പെടുകയും,
വെള്ളത്തിൽനിന്നും വെള്ളത്താലും ഭൂമി ഉളവാ
ക്കപ്പെടുകയും ചെയ്തുവെന്നും, 6അന്നത്തെ
ലോകം അതേ വെള്ളത്താൽ തന്നെ,
പ്രളയത്തിൽ മുങ്ങി നശിച്ചുവെന്നും അവർ മന
പൂർവ്വം മറന്നുകളയുന്നു. 7ഇപ്പോഴത്തെ ആകാ
ശവും ഭൂമിയും അതേ വചനത്താൽ തീക്കായി
ന്യായവിധിയുടെയും ഭക്തികെട്ട മനുഷ്യരുടെ
നാശത്തിന്റെയും ദിവസത്തിലേക്കു സൂക്ഷി
ച്ചിരിക്കുന്നു.

8എന്നാൽ പ്രിയരേ, ഒരു കാര്യം നിങ്ങൾ
മറന്നുപോകരുത്: കർത്താവിന് ഒരു ദിവസം
ആയിരം സംവത്സരംപോലെയും ആയിരം
സംവത്സരം ഒരു ദിവസംപോലെയും ആകുന്നു.
9ചിലർ താമസം എന്നു ചിന്തിക്കുന്നതുപോലെ
കർത്താവു തന്റെ വാഗ്ദാനം നിറവേറ്റുന്നതിൽ
താമസം വരുത്തുന്നില്ല. ആരും നശിച്ചുപോകാതെ
എല്ലാവരും മാനസാന്തരത്തിലേയ്ക്കു വരണ
മെന്ന് ആഗ്രഹിച്ചുകൊണ്ട് അവിടുന്നു നിങ്ങ
ളോടു ദീർഘക്ഷമ കാണിക്കുകയാണ്.

10എന്നാൽ കർത്താവിന്റെ ദിവസം കള്ള
നെപ്പോലെ വരും. ആകാശം കൊടുംമുഴക്ക
ത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ
കത്തിയഴിയുകയും ഭൂമിയും അതിലുള്ള
സകലവും എരിഞ്ഞുപോവുകയും ചെയ്യും.

11ഇങ്ങനെ സകലതും നശിച്ചുപോകുവാനു
ള്ളതാകയാൽ ദൈവത്തിന്റെ ദിവസത്തിനാ
യി കാത്തിരുന്നും അതിനെ ത്വരിതപ്പെടുത്തി
യുംകൊണ്ട് 12നിങ്ങൾ എത്ര വിശുദ്ധജീവിതവും
ഭക്തിയുമുള്ളവരായിരിക്കണം! ആ ദി
വസത്തിൽ ആകാശം അഗ്നിയാൽ നശിക്കു
കയും മൂലവസ്തുക്കൾ ഉഗ്രതാപത്തിൽ ഉരു
കിപ്പോകയും ചെയ്യും. 13നാമോ, അവിടുത്തെ
വാഗ്ദാനപ്രകാരം, നീതിവസിക്കുന്ന പുതിയ
ആകാശത്തിനും പുതിയ ഭൂമിക്കുംവേണ്ടി
കാത്തിരിക്കുന്നു.

14അതുകൊണ്ടു പ്രിയരേ, നിങ്ങൾ ഇവയ്ക്കാ
യി കാത്തിരിക്കുന്നതുകൊണ്ട് അവിടുന്നു നി
ങ്ങളെ സമാധാനത്തോടെ, കറയും കളങ്കവും
ഇല്ലാത്തവരായി കാണുവാൻ ഉത്സാഹിപ്പിൻ.
15നമ്മുടെ കർത്താവിന്റെ ദീർഘക്ഷമ രക്ഷ
എന്നു വിചാരിപ്പിൻ. ഇങ്ങനെതന്നേ നമ്മുടെ
സഹോദരനായ പൗലൊസും തനിക്കു ദൈവം
നല്കിയ ജ്ഞാനത്തോടെ നിങ്ങൾക്ക് എഴുതി
യിട്ടുണ്ടല്ലോ. 16അദ്ദേഹം തന്റെ എല്ലാ
ലേഖനങ്ങളിലും ഈ കാര്യങ്ങളെപ്പറ്റി എഴുതി
യിരിക്കുന്നു. അവയിൽ ഗ്രഹിപ്പാൻ പ്രയാസമു
ള്ള ചില കാര്യങ്ങൾ ഉണ്ട്. അറിവില്ലാത്തവരും
അസ്ഥിരചിത്തരുമായ ചിലർ, മറ്റുതി
രുവെഴുത്തുകളെ എന്നപോലെ ഇവയെയും,
തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു.

17അതുകൊണ്ടു പ്രിയരേ, നിങ്ങൾ ഇതു
നേരത്തേ അറിഞ്ഞിരിക്കയാൽ അധർമ്മികളുടെ
തെറ്റിലകപ്പെട്ടു സ്വന്തം സ്ഥിരത വിട്ടു വീണു
പോകാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളുവിൻ. 18കൃ
പയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ
യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വർ
ദ്ധിച്ചുവരുവിൻ. അവിടുത്തേക്ക് ഇപ്പോഴും
എന്നേക്കും മഹത്ത്വം ഉണ്ടായിരിക്കട്ടെ.

ആമേൻ.

[a] 2:22 സുഭാഷിതങ്ങൾ 26:11